

പാഠ്യ പദ്ധതി

നൈപുണ്യ വികസന പരിശീലനം

Kerala Institute of Local Administration

# അലങ്കാര നെറ്റിപ്പട്ട നിർമ്മാണം

## 2022-23


Centre for Good Governace, Mannuthy

kilamannuthy@kila.ac.in 0487 - 2370209

**Course Director :**

Treesa Jose

Principal, KILA CGG, Mannuthy

**Course Co-Ordinators :**

Renil Rocky

Lecturer, KILA CGG, Mannuthy

Rasheed V P

Lecturer, KILA CGG, Mannuthy

Mercy I F

Lecturer, KILA CGG, Mannuthy

Kavitha Raj K N

Lecturer, KILA COFWM, Taliparamba

Dr. Anaswara S

Lecturer, KILA CGG, Mannuthy

# *Contents*

About Organization.......... 4
Objective of the Program.......... 7
Target Group.......... 7
Methodology.......... 8
Session Plan.......... 9

# കില സെന്റർ ഫോർ ഗുഡ് ഗവേണൻസ്, മണ്ണുത്തി




വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രാരംഭ ഘട്ടമായിരുന്ന എൻ ഇ എസ് ബ്ലോക്കുകളിലൂടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്ന ഉദ്യോഗസ്ഥരായ ഗ്രാമസേവകർക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 1953 ൽ കേരളത്തിൽ കൊട്ടാരക്കര, മണ്ണുത്തി, തളിപറമ്പ എന്നീ സ്ഥലങ്ങളിൽ വികസന പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചത്. കാലക്രമേണ പ്രസ്തുത പരിശീലനങ്ങൾക്ക് പുറമേ ഗ്രാമീണ മേഖലകളിലെ ജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനങ്ങളും വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങളും ഈ കേന്ദ്രങ്ങളിൽ നടത്താൻ ആരംഭിച്ചു. പിന്നീട് ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾക്കും വിവിധ വിഷയങ്ങളിൽ ഈ പരിശീലന കേന്ദ്രങ്ങൾ പരിശീലനങ്ങൾ തയ്യാറാക്കി നടത്തിപ്പോന്നിരുന്നു. പിന്നീട് 2017 നു ശേഷം ഈ പരിശീലന കേന്ദ്രങ്ങളുടെ അക്കാദമിക നിയന്ത്രണം കേരളത്തിലെ പ്രധാന പരിശീലന സ്ഥാപനമായ കില ഏറ്റെടുത്തതോടെ പരിശീലനങ്ങളുടെ വിഷയങ്ങളിലും എണ്ണത്തിലും ഗുണഭോക്താക്കളുടെ കാര്യത്തിലും കൂടുതൽ വൈവിധ്യവും വളർച്ചയും നേടുകയുണ്ടായി. ഈ കാലഘട്ടത്തോടെ കിലയുടെ നേതൃത്വത്തിൽ നടത്തുന്ന പരിശീലങ്ങൾ കൂടി കിലയുടെ പ്രാദേശിക കേന്ദ്രങ്ങൾ എന്ന നിലയിൽ ഈ പരിശീലന കേന്ദ്രങ്ങളിൽ നടത്തപ്പെട്ടുതുടങ്ങി.

മധ്യകേരളത്തിലെ പരിശീലന കേന്ദ്രം എന്ന നിലയിൽ പ്രധാനമായും എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ വിവിധ ജനവിഭാഗങ്ങൾക്കും സർക്കാർ ജീവനക്കാർക്കുമാണ് മണ്ണുത്തി പരിശീലന കേന്ദ്രത്തിൽ പ്രധാനമായും പരിശീലനങ്ങൾ നൽകിപോരുന്നത്. ഗ്രാമീണ മേഖലയിലെ സാമ്പത്തികവളർച്ചയെ പരിപോഷിപ്പിക്കുന്നതിനായി കർഷകർക്കും സ്വയം തൊഴിൽ സംരഭകർക്കും വിവിധ മേഖലകളിലെ നൂതന സങ്കേതങ്ങളെക്കുറിച്ചും വിപണന സാധ്യതകളെക്കുറിച്ചും പരിശീലനങ്ങൾ നൽകുന്നുണ്ട്. കുടുംബശ്രീ, മറ്റ് സ്വയം സഹായ സംഘാംഗങ്ങൾ, സർക്കാരിതര സന്നദ്ധസംഘാംഗങ്ങൾ എന്നിവർ ഈ പരിശീലനങ്ങളിൽ പങ്കെടുക്കുകയും സംരഭങ്ങൾ വിജയകരമായി നടത്തുവരികയും ചെയ്യുന്നുണ്ട്. പരിശീലനം നേടുന്നവരിൽ ഭൂരിപക്ഷവും ഗ്രാമീണ മേഖലകളിൽ നിന്നുള്ള വനിതകളാണെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് വനിതകൾക്ക് നൽകുന്ന പരിശീലനം കൂടിയാണെന്ന രാഷ്ട്രപിതാവിന്റെ സങ്കൽപം കൂടി ഈ സാഹചര്യത്തിൽ പ്രസക്തമാണ്.

നിലിവിൽ സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടാതെ വിവിധ ഭവന പദ്ധതികൾ, ശുചിത്വ മിഷൻ പദ്ധതികൾ, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതികൾ, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതികൾ കൂടാതെ വിവിധ കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കത പദ്ധതികൾ തുടങ്ങിയവ നിർഹണം നടത്തുന്ന ഉദ്യോഗസ്ഥ സംവിധാനത്തിലെ പ്രവർത്തകർക്കും, പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ വിവിധ തലങ്ങളെക്കുറിച്ച് സമഗ്രമായ പരിശീലന പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നതിന്നതിൽ നിലവിൽ ഈ പരിശീലനസ്ഥാപനം നിർണായക പങ്കുവഹിക്കുന്നുണ്ട്.



## കില മണ്ണുത്തി സെന്ററിലെ പ്രധാന പരിശീലന പ്രവർത്തനങ്ങൾ

മണ്ണുത്തി പരിശീലന കേന്ദ്രത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുടകളുടെ മാർഗനിർദേശാനുസരണം അഞ്ച് ദിവസം വരെ ദൈർഘ്യമുള്ള പരിശീലനങ്ങളാണ് നിലവിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഗ്രാമീണ മേഖലയിൽ നിന്നുള്ള സ്വയം സഹായ സംഘാഗങ്ങൾ, കർഷകർ, ചെറുകിട സംരഭകർ, വീട്ടമ്മമാർ തുടങ്ങിയവർക്കും ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർക്കുമായി വിവിധ വിഷയങ്ങളിൽ നൈപുണ്യവികസന പരിശീലനങ്ങൾ സംഘടിപ്പിച്ച വരുന്നുണ്ട്. പ്രധാനമായും പ്രാദേശിക തലങ്ങളിൽ ലഭ്യമായ അസംസ്കൃതവസ്തുക്കളെ ഉപയോഗിച്ചുള്ള ചെറുകിട-കുടിൽ വ്യവസായ സംരഭകർക്ക് വളരെ പ്രയോജനകരമായ രീതിയിൽ തന്നെ നടത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ കൃഷി, മൃഗസംരക്ഷണം, മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ പരിശീലനങ്ങളും ഈ ഗുണഭോക്താക്കൾക്കായി നടത്തുന്നുണ്ട്. അതോടൊപ്പം തന്നെ സർക്കാർ പദ്ധതികൾ സംബന്ധിച്ച് ഉള്ള അറിവുകൾക്കായി വിവിധ സർക്കാർ പദ്ധതികളെ സംബന്ധിച്ചും പരിശീലനങ്ങൾ നടത്തി വരുന്നു.



**അലങ്കാര നെറ്റിപ്പട്ട നിർമ്മാണ പരിശീലനത്തിന്റെ പ്രസക്തി.**

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്ന വിശേഷണം കൂടിയുള്ള തൃശ്ശൂരിലെ പ്രധാന ആഘോഷങ്ങളാണ് പൂരങ്ങളും ക്ഷേത്രോൽസവങ്ങളും. ജാതി മത ഭേദമന്യേ ഏവരും പങ്കുകൊള്ളുന്ന ഇത്തരം ആഘോഷങ്ങളിലെ പ്രധാന കാഴ്ചയാണ് ആനകളുടെ എഴുന്നള്ളിപ്പ്. അതുകൊണ്ട് തന്നെ അത്തരം ആഘോഷങ്ങളിൽ ആനകളെ അണിയിക്കുന്ന അലങ്കാരങ്ങളായ നെറ്റിപ്പട്ടവും കോലങ്ങളും ബന്ധപ്പെട്ട മറ്റ് അലങ്കാരങ്ങളും പ്രാദേശികമായി മധ്യകേരളത്തിന്റെ ആഘോഷങ്ങളുടെ തനിമയാർന്ന പ്രതീകമായി തന്നെ കരുതപ്പെടുന്നുണ്ട്. ഇത്തരം അലങ്കാരങ്ങളുടെ ചെറിയ മാതൃകകൾ നല്ലരീതിയിൽ സമ്മാനവസ്തുക്കളായി വിറ്റഴിക്കപ്പെടുന്നുമുണ്ട്. അതുകൊണ്ട് തന്നെ തൃശ്ശൂർ ജില്ലയിലെ കരകൗശലമേഖലയിൽ വലിയൊരു പ്രാധാന്യം നെറ്റിപ്പട്ടങ്ങൾക്കുണ്ട്.

നൈപുണ്യ വികസന പരിശീലനങ്ങളുടെ ലക്ഷ്യങ്ങൾ.

ദീർഘകാല ലക്ഷ്യങ്ങൾ

- ✓ പുതിയൊരു ഉപജീവനമാർഗ്ഗം പരിചയപ്പെടുത്തുന്നതിലൂടെ നിലവിലെ ജീവിത സാഹചര്യങ്ങളെ കൂടുതൽ മെച്ചപ്പെടുത്താൻ ഗ്രാമീണ മേഖലയിലെ വനിതകളെ പ്രാപ്തരാക്കുക.
- ✓ പരിശീലനാർത്ഥികളെ സ്വന്തമായി സ്ഥിരമായ വരുമാനം കണ്ടെത്തുന്ന സ്വയം തൊഴിൽ സംരംഭകരാക്കി ഗ്രാമീണ മേഖലയിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക.

അലങ്കാര നെറ്റിപ്പട്ട നിർമ്മാണ പരിശീലനത്തിന്റെ നിർദിഷ്ട ലക്ഷ്യങ്ങൾ

- ✓ വിവിധ വലിപ്പത്തിലും ഡിസൈനിലുമുള്ള നെറ്റിപ്പട്ടങ്ങൾ നിർമ്മിക്കാൻ പ്രാപ്തരാക്കുക
- ✓ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനു സഹായകമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ പരിചയപ്പെടുത്തുക
- ✓ ചെറുകിട സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസവും അറിവും വളർത്തുക
- ✓ ഗ്രാമീണ മേഖലയിൽ സംരഭകത്വ സാധ്യതകൾ ഉയരുന്നതിലൂടെ കൂടുതൽ പേർക്ക് തൊഴിലും മെച്ചപ്പെട്ട വരുമാനവും ലഭ്യമാക്കുക.

**TARGET GROUPS:**

കുടുംബശ്രീ, സ്വയം സഹായ സംഘാംഗങ്ങൾ, ഹരിത കർമ്മ സേനാംഗങ്ങൾ, മഹാത്മാഗന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ ...

## METHODOLOGY

ക്ലാസ്സ് റൂം പരിശീലനം – നൈപുണ്യ വികസന പരിശീലനത്തിന്റെ ഭാഗമായ ക്ലാസ്സ് റൂം പരിശീലനത്തിൽ പ്രായോഗിക പരിശീലനവും വിഷയവുമായി ബന്ധപ്പെട്ട തിയറി ക്ലാസ്സുകളും വിപണന സാധ്യതകളെക്കുറിച്ചും സർക്കാർ പദ്ധതികളെക്കുറിച്ചുമുള്ള ക്ലാസ്സുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനാർത്ഥികളെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് പരിശീലന സാമഗ്രികൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനായി പ്രത്യേകം പ്രാക്റ്റിക്കൽ സെഷനുകളും പരിശീലനത്തിന്റെ ഭാഗമായി ഉണ്ട്.

**DURATION OF TRAINING: 3 ദിവസം – 18 മണിക്കൂർ**

## പരിശീലനാർത്ഥികളുടെ തെരഞ്ഞെടുപ്പും രജിസ്‌ട്രേഷനും :

ഗ്രാമ പഞ്ചായത്തുകളിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയും ബ്ലോക്ക് പഞ്ചായത്തുകളിലെ വനിതാ ക്ഷേമ ഓഫീസർമാർ മുഖേനയുമാണ് പരിശീലനാർത്ഥികളുടെ തെരഞ്ഞെടുക്കൽ നടക്കുന്നത്. ഓരോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികളെ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നു. പിന്നീട് പരിശീലന കേന്ദ്രത്തിൽ എത്തുന്നതോടെ കിലയുടെ TPMS മുഖേന രജിസട്രേഷൻ പൂർത്തീകരിക്കുകയും ചെയ്യുന്നു.





# SESSION PLAN

| Sl No | Topic | Session Subject | Mode | Time (Minutes) |
|---|---|---|---|---|
| Day 1 | | | | |
| 1 | Registration | | | 30 |
| 2 | Inaugration | | | 15 |
| 3 | Course Briefing & Participants Introduction | | | 15 |
| 4 | Frontlet Making | Cutting Three Layers | Theory | 30 |
| 5 | Frontlet Making | Paper Cutting Model | Theory | 30 |
| 6 | Frontlet Making | Drawing pattern, Bordering | Theory | 60 |
| 7 | Frontlet Making | Cutting Layers, Drawing Pattern, Bordering | Practical | 180 |
| Day 2 | | | | |
| 8 | Frontlet Making | Kunjalam Making | Theory/Practical | 90 |
| 9 | Frontlet Making | Kambili Noolukettu | Theory/Practical | 90 |
| 10 | Frontlet Making | Placing Balls | Theory/Practical | 90 |
| 11 | Frontlet Making | Filling Balls | Theory/Practical | 90 |
| Day 3 | | | | |
| 12 | Frontlet Making | Attaching Side Section | Theory/Practical | 90 |
| 13 | Frontlet Making | Kunjalam Attaching | Theory/Practical | 90 |
| 14 | Frontlet Making | Cardboard Placing, Hanging Attachments | Theory/Practical | 120 |
| 15 | Marketing | Marketing Strategies | Theory | 60 |
| | Validatory | | | 15 |





